(ബി) അവയി എത്ര പരാതി ം കേട്ട് തീരുമാനമുണ്ടാക്കി യിട്ടുണ്ട് ;

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 22 അസോസ്യേഷനുകളിൽ നിന്നും 2825 വ്യക്തികളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) എല്ലാ നിവേദനങ്ങളും പരിശോധിച്ചിട്ട് കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മലയാളനിഘണ്ടു.

* 295. [66] ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) മലയാളം നിഘണ്ടു നിർമ്മാണത്തിനായി എത്ര തുക ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതലായി എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട് ;

(സി) അവരെ തെരഞ്ഞെടുക്കുന്നതിലേയ്ക്കുള്ള പരീക്ഷായോഗ്യതകൾ എന്തെല്ലാം ;

(ഡി) തെരഞ്ഞെടുത്തവരിൽ പട്ടികജാതിക്കാർ എത്ര ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 15 ലക്ഷം രൂപ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) 22.

(സി) യൂണിവേഴ്സിറ്റി ഡിഗ്രിയോ മഹോപാദ്ധ്യായ, വിദ്വാൻ, ശാസ്ത്രി മുതലായ പൗരസ്ത്യഭാഷാ ബിരുദങ്ങളോ ആണ് യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ആരുമില്ല.

പോലീസ് മർദ്ദനം.

* 296. [67] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയശവണ്ണൻറിന്റെ കീഴിൽ പോലീസിന്റെ കർത്തവ്യത്തെപ്പറ്റി പോലീസ് ആഫീസറന്മാരുടെ കാൺഫറൻസിൽ വച്ച് 15-4-1955-ൽ മുഖ്യമന്ത്രിയും ആഭ്യന്തരകാര്യമന്ത്രിയും പ്രസംഗിക്കുകയുണ്ടായോ ;

(ബി) ഈ പ്രസംഗത്തിനുശേഷം തൃശ്ശൂർ ഡിസ്ട്രിക്ടിൽ എത്ര പോലീസ് മർദ്ദനങ്ങളെപ്പറ്റി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) കാൺഫറൻസിനുശേഷം 7 (ഏഴ്) ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly